DESPATCHED
On...6/7/1.2020
17.3.20.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.411*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.**3947/*എസ്.ഐ.സി-ജി 6/19***

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഡി.രാജപ്പൻ**
**മഠത്തിൽ പറമ്പിൽ**
**വളമംഗലം തെക്ക്.പി.ഒ**
**തുറവൂർ** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ജില്ലാ കളക്ട്രേറ്റ്**
   **ആലപ്പുഴ**
2. **അപ്പീൽ അധികാരി ആന്റ് ഡെപ്യൂട്ടി സെക്രട്ടറി**
   **ജില്ലാ കളക്ട്രേറ്റ്**
   **ആലപ്പുഴ** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 30.10.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 08.03.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.03.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25.03.2019,16.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09.04.2019,04.12.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 29.09.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ കുത്തിയതോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ തുറവൂർ പഞ്ചായത്ത് തുറവൂർ തെക്ക് വില്ലേജിൽ 9,10,11,12 വാർഡുകളിൽ പടക്ക നിർമാണ ലൈസൻസ് ഉള്ളവരുടെയും പടക്ക വിൽപന ലൈസൻസ് ഉള്ളവരുടെയും പേരു വിവരങ്ങളും വിലാസവും ലൈസൻസ് നമ്പറും നൽകണമെന്നും തുടങ്ങി നാലിനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി നൽകാത്തതിൽ 30.10.2018 ൽ അപ്പീൽ നൽകുകയും ആയതിന് രണ്ടാം എതിർകക്ഷിയും മറുപടി നൽകിയില്ല. 09.04.2019 ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപേക്ഷകൻ കയ്യെഴുത്തായി അപേക്ഷ നൽകിയതായതിനാൽ ടിയാന്റെ പേര് തങ്കപ്പൻ എന്ന് തോന്നിക്കും വിധം ആകയാൽ അപ്രകാരമാണ് ഫയലെഴുതി മറുപടി നൽകിയതെന്നും മറുപടി രജിസ്റ്റേർഡ് പോസ്റ്റിലാണ് അയച്ചതെന്നും വിതരണം ചെയ്യാതെ വരുന്ന സാഹചര്യത്തിൽ തപാൽ തിരികെ ലഭിക്കേണ്ടതായിരുന്നുവെങ്കിലും അതുണ്ടായില്ലെന്നും, അങ്ങനെ ആയിരുന്നുവെങ്കിലും പിഴവ് കണ്ടെത്താമായിരുന്നുവെന്നും, 06.08.2018 ന് അപ്പീൽ നൽകിയപ്പോൾ കാലാവധിക്കുള്ളിൽ അപേക്ഷ ലഭിക്കാതിരുന്നതിനാൽ നിരസിച്ചുവെന്നും മറ്റുമാണ്. 04.12.2019 ന് സമർപ്പിച്ച റിപ്പോർട്ടിലും ടി കാര്യങ്ങൾ സൂചിപ്പിച്ചു. ടി റിപ്പോർട്ടിൽ 26.10.2019 ന് നടന്ന ഹിയറിംഗിൽ ഹാജരാകാത്തതിന് കാരണം ബോധിപ്പിക്കുകയും കമ്മീഷൻ അത് അംഗീകരിക്കുകയും ചെയ്തു.

4. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾക്ക് ടി ഓഫീസിൽ നിന്നും മറുപടി നൽകിയത് പേരുമാറിപ്പോയതിനാലാണ് എന്ന് എസ്.പി.ഐ.ഒ റിപ്പോർട്ട് നൽകി എങ്കിലും ഹർജിക്കാരൻ അപ്പീൽ നൽകിയപ്പോഴും സമയബന്ധിതമായി മറുപടി നൽകിയില്ലെന്നു കമ്മീഷൻ വിലയിരുത്തുകയും ഹർജിക്കാരന് മറുപടി ലഭിക്കാത്തത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ

മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാംതീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res